**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **27-01-2026 - ൽ മറുപടിയ്ക്ക്**

**സൈബർ ക്രൈം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ ക്രൈമുകൾ വലിയ തോതിൽ വർദ്ധിക്കുന്നതും വിർച്ചൽ അറസ്റ്റ് പോലെയുള്ള തട്ടിപ്പിലൂടെ നിരവധി പേരുടെ പണം തട്ടിയെടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് എന്തെങ്കിലും നടപടികൾ പ്രത്യേകമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സാങ്കേതികവിദ്യയുടെ വികാസത്തോടെ ലോകത്തൊട്ടാകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്.<br>കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'National Cybercrime Reporting Portal-Toll free number-1930' കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും Mule account-ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും 'CY-HUNT Operation' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുകൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു. അതിലൂടെ വിർച്ചൽ അറസ്റ്റ് ഉൾപ്പടെയുള്ള തട്ടിപ്പുകൾ ഗണ്യമായി കുറയ്ക്കുന്നതിനും കേസുകൾ കാര്യക്ഷമമായി അന്വേഷിക്കുന്നതിനും നഷ്ടപ്പെട്ട തുക പരമാവധി തിരിച്ചുപിടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>വിർച്ചൽ അറസ്റ്റ് ഉൾപ്പെടെയുള്ള സൈബർ തട്ടിപ്പുകൾ തടയുന്നതിനെക്കുറിച്ചും, സൈബർ സ്പേസിൽ എങ്ങനെ സുരക്ഷിതരായിരിക്കണമെന്നതിനെക്കുറിച്ചും ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും നവ മാധ്യമങ്ങൾ വഴിയും, സ്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങൾ മുഖേനയും ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു.<br><br>സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ വെബ് സൈറ്റുകൾ, National Cyber Crime Reporting Portal-ൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ് സൈറ്റുകൾ /ആപ്ലിക്കേഷൻ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമായേക്കാവുന്ന പരസ്യങ്ങൾ പ്രൊഫൈലുകൾ, RBI അംഗീകൃത NBFC-ക്ക് |

| | | | |
|---|---|---|---|
| | | | കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ എന്നിവ കണ്ടെത്തി അവ നീക്കം ചെയ്യും ബ്ലോക്ക് ചെയ്യും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നു. |
| (ബി) | പോലീസിൽ സൈബർ വിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിനായി പ്രത്യേക വിഭാഗമായി കൂടുതൽ സേനാംഗങ്ങളെ ഇതിനായി നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സൈബർ മേഖലയിൽ ഉയർന്നു വരുന്ന വെല്ലുവിളികളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഫലപ്രദമായി നേരിടുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും, സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, സൈബർ പട്രോളിംഗ് കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിലേക്കുമായി അത്യാധുനിക സൈബർ ഡിവിഷൻ ആരംഭിക്കുകയും, ആയതിലേക്കായി 466 തസ്തികകൾ പുനർവിന്യാസം വഴി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സൈബർ കുറ്റകൃത്യങ്ങളുടെ ഉയർന്നുവരുന്ന മേഖലയെ ഫലപ്രദമായി ചെറുക്കുന്നതിനും, ഉയർന്ന വൈദഗ്ധ്യമുള്ള കരാർ അധിഷ്ഠിത സാങ്കേതിക മനുഷ്യശക്തി, നൂതന ഗവേഷണ ശേഷികൾ, ഇന്റലിജൻസ് അധിഷ്ഠിത ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് സൈബർ ഗവേഷണ & വിശകലന വിഭാഗം (RAW) ശക്തിപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>പോലീസ് ജില്ലകളിലെ സൈബർ സെല്ലുകളിൽ 2 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സോഷ്യൽ മീഡിയ സെൽ രൂപീകരിക്കുന്നതിന്, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും റേഞ്ച് ഡി.ഐ.ജി മാർക്കും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ